**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്,**
**ജില്ലാ നഗരാസൂത്രണ കാര്യാലയം,തിരുവനന്തപുരം.**
**നഗരാസൂത്രകയുടെ നടപടിക്രമം.**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം-തിരുവനന്തപുരം നഗരസഭ- കുടപ്പനക്കുന്ന് വില്ലേജ്-സെമിത്തേരി നിർമ്മാണം-ലേയൗട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: -
1. തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 12.04.2021 ലെ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത കത്ത്.
2. Fr.Aldrin Joseph 13.10.21 ൽ സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ് നമ്പർ TCPTVM/898/2021-C തീയതി:28/10/2021</u>**

തിരുവനന്തപുരം നഗരസഭ, കുടപ്പനക്കുന്ന് വില്ലേജിൽ സർവ്വേ നമ്പർ 264/2 ൽ ഉൾപ്പെട്ട ഫാത്തിമ മാതാ പള്ളിയുടെ ഉടമസ്ഥതയിലുള്ള 12920 sq.m വസ്തുവിൽ 185.95 sq.m വിസ്തീർണ്ണമുള്ള സെമിത്തേരി നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ, പ്ലാനുകൾ എന്നിവ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി Lay out of buildings and usage of plot ന് അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമ്മാണം കെ.എം.ബി.ആർ.-2019 നും അനുബന്ധ ഭേദഗതിക ൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖക ൾ,ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. പ്രസ്തുതസ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പു വരുത്തിയിരിയ്ക്കണം.
4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം/അനുബന്ധഭേദഗതി എന്നിവപ്രകാരം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞു പോകരുത്.
7. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിയ്ക്കണം. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം/മലിനജലം) പരിസരവാസികൾക്ക് ദോഷമുണ്ടാക്കരുത്.
8. നിർമ്മാണം കെ.പി.ബി.ആർ.-2019 ചട്ടം 79 ന് അനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.
9. Pollution control board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
10. ചട്ടം 26(8) പ്രകാരംഉറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
11. നിർദ്ദിഷ്ട നി ർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തി ൻറെ/സമീപ

പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിയ്ക്കരുത്.

12. KPBR 2019 ചട്ടം 76(3) പ്രകാരംനിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
13. വസ്തുവിൽ നിലവിലുള്ള കെട്ടിടങ്ങ ൾ അംഗീകൃതമാണെന്നു ഉറപ്പു വരുത്തേണ്ടതാണ്.
14. ചട്ടം 34 പ്രകാരം ആവശ്യമായ sanitation സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**33/2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.**

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി,
തിരുവനന്തപുരം നഗരസഭ

പകർപ്പ്: 1)Fr.Aldrin Joseph,
Parish Priest,Fatima Mata Church,
Kudappanakunnu,TVPM.

2) കരുതൽ ഫയൽ